സ്ഥാപനം വകയോ ആയുള്ള ഹോസ്റ്റലുകളിൽ സ്ഥല ദൗർലഭ്യം കാരണം പ്രവേശനം ലഭിക്കാതെ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കേണ്ടിവന്നാൽ അവർക്ക് ഭക്ഷണ ചെലവിനും മറ്റുമായി പ്രതിമാസം 1000 (ആയിരം രൂപ) വീതം സ്റ്റൈപ്പൻറ് നൽകി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന അംഗീകൃത സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ബോർഡിംഗ് ഗ്രാൻറ് നടപ്പു സാമ്പത്തിക വർഷം മുതൽ 250 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക വിഭാഗ ക്ഷേമ പ്രവർത്തനങ്ങൾ

23 [1437] ശ്രീ. ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിൻറെ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കല്ലറ കൊച്ചുനാരായണൻ ആശാരിക്ക് മരണാനന്തര പരിഗണന

24 [1465] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലവർഷം 1114-ൽ നടന്ന കല്ലറ പാങ്ങോട് സമരത്തിലെ നായകൻമാരിൽ പ്രമുഖനായിരുന്ന കല്ലറ കൊച്ചുനാരായണൻ ആശാരിക്ക് സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്ന മരണാനന്തര പരിഗണനകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അദ്ദേഹത്തിൻറെ സ്മരണ നിലനിർത്താനുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ഉത്തരം

കൊല്ലവർഷം 1114-ലെ കല്ലറ പാങ്ങോട് സമരത്തിലെ നായകരിൽ പ്രമുഖനായ കല്ലറ ശ്രീ. കൊച്ചുനാരായണൻ ആശാരി പ്രസ്തുത സമരത്തിൽ രക്തസാക്ഷിത്വം വഹിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിൻറെ സ്മരണയ്ക്കായി കല്ലറ പഞ്ചായത്തിൽ ഒരു റോഡിന് ഇദ്ദേഹത്തിൻറെ പേര് നൽകിയിട്ടുണ്ട്. ഇദ്ദേഹം അവിവാഹിതനാണ്. ഇദ്ദേഹത്തിൻറെ മാതാവും പിതാവും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഒരു സഹോദരി ജീവിച്ചിരിപ്പുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്ക് അർഹമായ ഒരു സർക്കാർ ആനുകൂല്യവും

LIBRARY ARCHIVES Kerala Legislative Assembly

ഇദ്ദേഹത്തിന്റെ അവകാശികൾക്ക് നൽകിയിട്ടില്ല. ഇദ്ദേഹത്തിന്റെ മരണാനന്തരം അവകാശികൾ തമ്മിൽ തർക്കമായതിനാലാണ് ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോയതെന്ന വിവരം അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ. എസ്. ടി. പി.-യുടെ കാലാവധി

25 [1478] ശ്രീ. എ. കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, സാജു പോൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി.-യുടെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കിയ പണികൾ ഏതെല്ലാം;

(ബി) രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾ ഏതെല്ലാം; രണ്ടാംഘട്ടം എന്നത്തേക്ക് പൂർത്തിയാകും;

(സി) നിശ്ചിത സമയത്തിനകം പദ്ധതി പൂർത്തീകരിക്കാതെ വന്നാൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) കെ. എസ്. ടി. പി.-യുടെ ഒന്നാംഘട്ട പണികൾ പുരോഗതിയിലാണ്.

(ബി) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾ താഴെ പറയുന്നവയാണ്. അവ ഇതുവരെ അവാർഡ് ചെയ്തിട്ടില്ല.

പാക്കേജ് 5:

1.	പിലാത്തറ	..	പാപ്പിനിശ്ശേരി
2.	കാസർകോട്	..	കാഞ്ഞങ്ങാട്
3.	തലശ്ശേരി	..	വളവുപാറ

പാക്കേജ് 6:

4.	ചെങ്ങന്നൂർ	..	ഏറുമാനൂർ
5.	ഏറുമാനൂർ	..	മൂവാറ്റുപുഴ
6.	തിരുവല്ല ബൈപ്പാസ്		

പാക്കേജ് 7:

7.	ചെങ്ങന്നൂർ	..	പൊൻകുന്നം
8.	പൊൻകുന്നം	..	തൊടുപുഴ
9.	പാലാ ബൈപ്പാസ്		
10.	തൊടുപുഴ ബൈപ്പാസ്		

(സി) വ്യവസ്ഥയുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly